## സബ്മിഷൻ

### (1) സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള ഉപയോഗ ശൂന്യമായ ഭൂമി

ശ്രീ. ബി. ഡി. ദേവസ്സി: ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള ഭൂമികൾ കാടുപിടിച്ച് ഉപയോഗശൂന്യമായി കിടക്കുകയാണ്. കൊരട്ടിയിലെ ലെപ്രസി ആശുപത്രി വക 110 ഏക്കർ ഭൂമി, ചാലക്കുടിയില ഇറിഗേഷൻ വകുപ്പിന്റെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് വക ഭൂമി, ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനോട് ചേർന്നുകിടക്കുന്ന പോലീസ് ക്വാർട്ടേഴ്സ് വക സ്ഥലം, ചാലക്കുടി ബൈപ്പാസിനോട് ചേർന്ന് കിടക്കുന്ന സ്ഥലം, കോടശ്ശേരി വില്ലേജിൽ ആലുവ സെറ്റിൽമെന്റ് വക ഭൂമി, പെരിങ്ങൽക്കുത്തിൽ കെ.എസ്.ഇ.ബി. വക ഭൂമി, കൊരട്ടിയിലെ വൈഗ ത്രെഡ്സ് കമ്പനിക്ക് പാട്ടത്തിന് നൽകിയ ഭൂമിയിൽ കമ്പനിയുടെ വികസനത്തിന് ആവശ്യമില്ലാതെ കിടക്കുന്ന സ്ഥലം തുടങ്ങിയവ അത്തരത്തിൽപ്പെട്ടവയാണ്. ചാലക്കുടി റിഫ്രാക്ടറീസ് വക സ്ഥലം വ്യവസായ വകുപ്പ് മുനിസിപ്പാലിറ്റിക്ക് കൈമാറിയെങ്കിലും റവന്യു നടപടികൾ ഇനിയും പൂർത്തീകരിക്കാത്തതിനാൽ ഉപയോഗപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനുപുറമേ കൊരട്ടി ഗവൺമെന്റ് ഓഫ് ഇൻഡ്യാ പ്രസ്സിന്റെ വക സ്ഥലം പ്രസ്സിന്റെ ആവശ്യം കഴിഞ്ഞ് ഉപയോഗ ശൂന്യമായി കിടക്കുന്നുണ്ട്. ഈ സ്ഥലവും വികസനാവശ്യങ്ങൾക്കായി സംസ്ഥാന സർക്കാരിന് ലഭ്യമാക്കേണ്ടതുണ്ട്. ഇതിൽ ഭൂരിഭാഗം ഭൂമിയും നാഷണൽ ഹൈവേ-47 നാലുവരിപ്പാതയോട് ചേർന്ന് നെടുമ്പാശ്ശേരി

എയർപോർട്ടിന് 20 കിലോമീറ്റർ ദൂര പരിധിയിലുള്ളതും വൈദ്യുതി, വെള്ളം, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുള്ളതുമാണ്. ഇത്തരത്തിൽ വിവിധ വകുപ്പുകൾക്ക് കീഴിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമികൾ അളന്ന് തിട്ടപ്പെടുത്തി കെട്ടി സംരക്ഷിക്കുന്നതിനും സർക്കാരിന്റെ അനുയോജ്യമായ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, തൃശ്ശൂർ ജില്ലയിൽ വിവിധ വകുപ്പുകളുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള ഭൂമി സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കും സീറോ ലാൻഡ് ലെസ് സ്കീമിനുവേണ്ടിയും വിനിയോഗിക്കുന്നതിനുവേണ്ടി വകുപ്പുതലത്തിൽ നടപടി ആരംഭിച്ചുകഴിഞ്ഞു. കളക്ടർ ഇത് സംബന്ധിച്ച് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ സ്ഥലങ്ങളിലെ അധികമായിട്ടുള്ള ഭൂമികൾ കെട്ടി സംരക്ഷിക്കാനും വികസന ആവശ്യങ്ങൾ അത്യാവശ്യമുള്ളതിനും ഉപയോഗിക്കാനും അതോടൊപ്പം തന്നെ ഗവൺമെന്റിന്റെ പ്രഖ്യാപിത സമീപനമായ ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനുവേണ്ടി ഭൂമി കൊടുക്കുക എന്ന സീറോ ലാൻഡ് ലെസ് സ്കീമിനുവേണ്ടിയും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പടക്ക നിർമ്മാണ ശാലകളുടെ പ്രവർത്തനം

ശ്രീമതി കെ. എസ്. സലീഖ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. എന്റെ മണ്ഡലത്തിലെ ചെർപ്പുള

ശ്ശേരി ഗ്രാമപഞ്ചായത്തിൽ പന്ന്യംകുറിശ്ശിയിലെ പടക്ക നിർമ്മാണ ശാലയിൽ കഴിഞ്ഞ രണ്ടാം തീയതിയുണ്ടായ സ്ഫോടനം നിമിത്തം പാവപ്പെട്ട ഏഴ് കുടുംബനാഥൻമാരാണ് അതിദാരുണമായി മരണപ്പെട്ടത്. വിദ്യാർത്ഥികളും ചെറിയ കുട്ടികളുമടങ്ങുന്ന സാമ്പത്തികമായി വളരെയേറെ പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളായതുകൊണ്ട് അവർക്ക് മതിയായ ധനസഹായം നൽകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അഞ്ചുലക്ഷം രൂപ ഗവൺമെന്റ് നൽകിയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അത് അവരുടെ കൈകളിൽ എത്തിയിട്ടില്ല. ആ കുടുംബങ്ങളെ സഹായിക്കുന്നതിനായി കുറച്ചുകൂടി പണം അനുവദിക്കണമെന്നും കാലതാമസം കൂടാതെ അത് അവർക്ക് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. കേരളീയ സമൂഹത്തിന് ഓരോ ഉത്സവ കാലങ്ങളും ഓരോ ദുരന്ത സ്മരണകളാണ് ഇത്തരം പടക്ക നിർമ്മാണ ശാലകൾ നൽകുന്നത്. 2011 ഫെബ്രുവരി മാസത്തിൽ ത്രാങ്ങാലിയിലുണ്ടായ വെട്ടിക്കെട്ടപകടം 13 പേരുടെ ജീവനാണ് അപഹരിച്ചത്. മരിച്ചവരുടെ എണ്ണത്തിനപ്പുറത്ത് അംഗവൈകല്യമുള്ള ആളുകളെയും അനാഥരായ കുട്ടികളെയുമാണ് ഓരോ ദുരന്തങ്ങളും അവശേഷിപ്പിക്കുന്നത്. പൂർണ്ണമായി കത്തിക്കരിഞ്ഞ് കിടക്കുന്ന പടക്കനിർമ്മാണശാലകളും ചിതറിത്തെറിച്ച് തിരിച്ചറിയാൻ പോലുമാകാത്ത ശരീരാവശിഷ്ടങ്ങളും അഗ്നിശമന രക്ഷാസേനയ്ക്ക് എത്തിച്ചേരാനാകാത്ത വിധം ദുർഘടമായി സ്ഥലങ്ങളിലുള്ള പടക്കശാലയെക്കുറിച്ചുള്ള വഴി വിവരണങ്ങളുമാണ് ഓരോ വെടിക്കെട്ടപകടവും നമ്മുടെ മുമ്പിലേയ്ക്ക് കൊണ്ടുവരുന്നത്. അനുമതിയുണ്ടോ, നിരോധിക്കപ്പെട്ട രാസവസ്തുക്കൾ ഉപയോഗിക്കുന്നുണ്ടോ, അനുവദനീയമായതിനെക്കാളേറെ വെടിക്കോപ്പുകൾ സംഭരിച്ചുവയ്ക്കു

ന്നുണ്ടോ ഇവയെക്കുറിച്ചൊന്നും വ്യക്തമായ വിവരങ്ങളില്ലാത്തത് യാതൊരു സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നില്ല എന്നതിന്റെ വ്യക്തമായ സൂചനകളാണ്. ദുരന്തത്തിനുശേഷം പതിവുപോലെ സർക്കാരിന്റെ അന്വേഷണവും പ്രഖ്യാപനവുമുണ്ടാകും. ഈ സാമ്പത്തിക സഹായങ്ങൾകൊണ്ടോ അന്വേഷണങ്ങൾകൊണ്ടോ വെടിക്കെട്ടപകടങ്ങൾക്ക് അറുതി വരുത്താൻ കഴിയുന്നില്ല. ത്രാങ്ങാലിയിലെ വെടിക്കെട്ടപകടത്തിനുശേഷമാണ് കഴിഞ്ഞ സർക്കാർ നിയമിച്ചിട്ടുള്ള ജയകുമാർ അന്വേഷണ കമ്മീഷന്റെ റിപ്പോർട്ട് വന്നിട്ടുള്ളത്. ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അത് സംബന്ധിച്ചുപറഞ്ഞു. അനധികൃത പടക്കശാലകൾക്കെതിരെ കർക്കശമായ നിയമവ്യവസ്ഥകൾ ഉണ്ടെങ്കിലും അത് പാലിക്കാൻ പടക്കനിർമ്മാണ ശാലകളുടെ ഉടമകൾ തയ്യാറാകുന്നില്ല എന്നത് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാന വിഷയമാണ്. നിയമാനുസൃതം പടക്കവും വെടിമരുന്നും രാസവസ്തുക്കളുമൊക്കെ പതിനഞ്ചുകിലോവരെ സൂക്ഷിക്കാമെന്നുള്ളതാണ്. എന്നാൽ ലക്ഷക്കണക്കിന് ടൺ സ്ഫോടക വസ്തുക്കളാണ് ശേഖരിച്ചുവയ്ക്കുന്നത്. വെടിക്കെട്ട് ഇന്ന് കിടമത്സരമായി മാറിക്കൊണ്ടിരിക്കുന്നതിനാൽ അനാവശ്യ പ്രവണതകൾ ഈ മേഖലയിൽ കടന്നുവന്നിരിക്കുകയാണ്. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ ലാഭം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ശ്രമമുണ്ടാകുമ്പോൾ കത്തിച്ചുകളയുന്ന ലക്ഷങ്ങൾക്ക് ഇരയാകുന്നത് മനുഷ്യജീവനുകളാണെന്നതാണ് വസ്തുത. പടക്ക നിർമ്മാണശാലകൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾ അടിമുടി പരിഷ്കരിച്ചുകൊണ്ട് ഓരോ ഉത്സവകാലത്തുമുണ്ടാകുന്ന ദുരന്തങ്ങൾ ഒഴിവാക്കാൻ പടക്ക നിർമ്മാണശാലകളുടെ പ്രവർത്തനം കർശനമായി നിരീക്ഷിക്കുന്നതിനു

വേണ്ടി ആഭ്യന്തര റവന്യു വകുപ്പുകൾ തമ്മിൽ ഒരു സംയോജനം ഉണ്ടാക്കിക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പന്ന്യംകുറിശ്ശിയിൽ 2-3-2013-ൽ പടക്കനിർമ്മാണ ശാലയിലുണ്ടായ സ്ഫോടനം ഏറ്റവും നിർഭാഗ്യകരമായ ഒരു സംഭവമാണ്. ഏഴ് പേരുടെ ജീവനാണ് നഷ്ടപ്പെട്ടത്. അഞ്ചുലക്ഷം രൂപ വീതം ആ കുടുംബങ്ങൾക്ക് ഗവൺമെന്റ് നൽകുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതുപോലെയുള്ള അപകടങ്ങൾക്ക് കൊടുത്തിട്ടുള്ളതിൽ വച്ച് ഏറ്റവും കൂടിയ തുകയാണ് അനുവദിച്ചിട്ടുള്ളത്. അത് എത്രയും വേഗം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഉത്സവകാലങ്ങളിൽ ഇത്തരത്തിൽ പല അപകടങ്ങളുണ്ടാകുന്നു. അപകടങ്ങളുണ്ടാകുന്ന സമയത്ത് അതൊരു ചർച്ചാവിഷയമാകും. അതുകഴിഞ്ഞാൽ അത് വിസ്മരിക്കപ്പെടുന്നു. വെടിക്കെട്ടപകടങ്ങളുടെ പശ്ചാത്തലത്തിൽ ഒന്നുരണ്ടു മീറ്റിംഗുകൾ കൂടിയിരുന്നു. അനധികൃതമായ പടക്ക നിർമ്മാണശാലകൾ ജില്ലകളിലൊരിടത്തും പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ കളക്ടർമാർക്കും പോലീസ് സൂപ്രണ്ടുമാർക്കും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള അഞ്ച് നിർദ്ദേശങ്ങളാണ് എല്ലാ ജില്ലകളിലേയ്ക്കും കൊടുത്തിട്ടുള്ളത്. സമയക്കുറവ് മൂലം ഇവിടെ വായിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് അതിന്റെ കോപ്പി നൽകാം.

ഭരണഭാഷ മലയാളത്തിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. പി. മുഹമ്മദ്: സർ, മലയാള ഭാഷയ്ക്കുവേണ്ടി ഇത്രമാത്രം പ്രവർത്തിച്ച ഒരു ഭരണകൂടവും ഒരു മുഖ്യമന്ത്രിയും കേരളത്തിന്റെ ചരിത്ര

ത്തിൽ വേറെ ഉണ്ടായിട്ടില്ല. ഇക്കാര്യം വിസ്മരിച്ചുകൊണ്ടല്ല ഞാൻ ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. ഐക്യമലയാള പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് തിരുവനന്തപുരത്ത് ഒരു നിരാഹാരസമരം ആരംഭിക്കുകയാണ്. മലയാളത്തിന്റ പ്രിയപ്പെട്ട എഴുത്തുകാരൻ ശ്രീ. കെ. പി. രാമനുണ്ണിയാണ് നിരാഹാരമിരിക്കുന്നത്. സുഗതകുമാരി ടീച്ചറുടെ അദ്ധ്യക്ഷതയിൽ ശ്രീ. ഒ.എൻ.വി. കുറുപ്പാണ് ഈ നിരാഹാരസമരം ഉദ്ഘാടനം ചെയ്യുന്നത്. ഞാനും ഈ നിരാഹാരസമരത്തിൽ പങ്കെടുക്കുന്നുണ്ട്. വളരെ എളുപ്പത്തിൽ നടപ്പിലാക്കാൻ സാധിക്കുന്ന രണ്ടുമൂന്ന് കാര്യങ്ങളാണ് ഈ നിരാഹാര സമരത്തിന് ആധാരമായിട്ടുള്ളത്. പഠനത്തിൽ മലയാളം ഒന്നാം ഭാഷയായി ഇവിടെ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചു. പക്ഷേ പലപ്പോഴും അത് ലംഘിക്കപ്പെടുകയാണ് ചെയ്യുന്നത്. അതിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തുകയെന്നുള്ളതാണ് ഒരു ആവശ്യം. കോടതി ഭാഷ മലയാളമാക്കുക എന്നുള്ളത് വളരെക്കാലമായുള്ള ആവശ്യമാണ്. നമ്മുടെ രാജ്യത്തെ കോടതികളിൽ വക്കാലത്ത് കൊടുക്കുന്ന കക്ഷികൾക്ക് അവർക്കുവേണ്ടി അഭിഭാഷകൻ എന്താണ് വാദിക്കുന്നത് എന്നറിയാനുള്ള ഒരു അവകാശമുണ്ട്. ഇന്നലെ പാലക്കാട് ജില്ലയിൽ ഏഴ് ജസ്റ്റിസുമാർ പങ്കെടുത്ത ഒരു യോഗം നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഞാൻ ഇക്കാര്യം അഭ്യർത്ഥിച്ചപ്പോൾ അവരിൽ ചിലർ തത്വത്തിൽ യോജിക്കുകയുണ്ടായി. ഹൈക്കോടതി ഒഴികെ സെഷൻസ് കോടതി വരെയുള്ള ആർഗ്യുമെന്റ് നടക്കുന്ന കോടതികളിലെങ്കിലും കോടതി ഭാഷ മലയാളമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. പ്രവേശന പരീക്ഷകൾ മലയാളത്തിൽ എഴുതാൻ അനുവദിക്കുകയും മലയാളത്തിനായി സെക്രട്ടേറിയറ്റിൽ ഒരു പ്രത്യേക വകുപ്പും അതിനുകീഴിൽ ഒരു ഡയറക്ടറേറ്റും രൂപീകരിക്കണം. മലയാളികളുടെ ചിരകാല അഭിലാഷ

മായ മലയാള സർവ്വകലാശാലയും അതുപോലെ ക്ലാസിക്കൽ പദവി നേടുന്ന തിനുവേണ്ടിയുള്ള പരിശ്രമവും ഏറ്റവും ഒടുവിൽ ഉദ്യോഗാർത്ഥികൾ മലയാള ഭാഷ അറിഞ്ഞിരിക്കണമെന്ന് പി.എസ്.സി. നിർബന്ധമായി തീരുമാ നമെടുത്തതുമെല്ലാം ഓർത്തുകൊണ്ട് ഈ കാര്യങ്ങൾകൂടി അംഗീകരിക്കാനും നടപ്പാക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കണം. ശ്രീ. കെ. പി. രാമനുണ്ണിയുടെ നിരാഹാര സമരം പെട്ടെന്ന് അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## ഭരണഭാഷ മലയാളത്തിലാക്കേണ്ടതിന്റെ ആവശ്യകത

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മലയാളഭാഷ ഭരണഭാഷ യാക്കുകയും കോടതികളിൽ പൂർണ്ണമായും മലയാളഭാഷയുടെ ഉപയോഗം നടപ്പിലാക്കുകയും ചെയ്യുന്നതിനുള്ള തീരുമാനം ഗവൺമെന്റ് ഇതിനോ ടകംതന്നെ സ്വീകരിച്ചിട്ടുണ്ട്. മലയാള സർവ്വകലാശാല ആരംഭിക്കുകയും മലയാളത്തിന് ക്ലാസിക്കൽ പദവി ലഭിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ അതിന്റെ അവസാന ഘട്ടത്തിൽ എത്തിനിൽക്കുകയുമാണ്. കേരളത്തിൽ ഗവൺമെന്റ് ഉദ്യോഗം ലഭിക്കുന്നതിന് മലയാളഭാഷ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഷയായി പി.എസ്.സി.യും അംഗീകരിക്കുകയുണ്ടായി. ഇപ്രകാരം മലയാളഭാഷയെ ഏറ്റവും പ്രധാനപ്പെട്ട ഭാഷയായി അംഗീകരിച്ചപ്പോൾ ധാരാളം ബുദ്ധിമുട്ടുകൾ ഉയർന്നുവന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് കാസർഗോഡ് നിന്ന് ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. കാരണം ന്യൂനപക്ഷ ഭാഷ വിഭാഗത്തിൽപ്പെട്ടവർ കേരളത്തിന്റെ അതിർത്തിയിൽ ധാരാളമുണ്ട്. അതുപോലെ പാലക്കാടും ഇടുക്കിയിലും തമിഴ് ഭാഷ ഉപയോഗിക്കുന്ന ധാരാളം ആളുകളുണ്ട്. അവർക്ക് ഇന്നുവരെ ലഭിച്ചുകൊണ്ടിരുന്ന ജോലി

തുടർന്ന് ലഭിക്കുകയില്ലായെന്നുള്ള ഭീതി സംബന്ധിച്ച് അവിടത്തെ എം.എൽ.എ. മാർ നിവേദനം നൽകിയിട്ടുണ്ട്. ആയതിനാൽ ഈ പ്രശ്നത്തിന് എങ്ങനെ പരിഹാരമുണ്ടാക്കാമെന്നതും ആലോചിച്ച് വരികയാണ്. ഔദ്യോഗിക ഭാഷാ നിയമപ്രകാരം നാളിതുവരെ ഘട്ടംഘട്ടമായി 72 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗികഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല സമിതിയും വകുപ്പുതലവന്റെ നേതൃത്വത്തിലുള്ള വകുപ്പുതല സമിതിയും ജില്ലാകളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാതല സമിതിയും തഹസീൽദാരുടെ അധ്യക്ഷതയിലുള്ള താലൂക്കുതല സമിതിയും പ്രവർത്തിച്ചുവരുന്നുണ്ട്. അതുപോലെ കോടതി ഭാഷ മലയാളമാക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുമായി മുന്നോട്ട് നീങ്ങുകയാണ്. ഇതുസംബന്ധിച്ച് പഠിക്കാൻ ജസ്റ്റിസ് കെ.കെ.നരേന്ദ്രൻ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ ലഭ്യമായിട്ടുണ്ട്. ഹൈക്കോടതി ജഡ്ജിമാരുടെ ഒരു കമ്മിറ്റി ടി. ശുപാർശകൾ പരിശോധിച്ച് ഇതിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ ഇതുസംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് കൂടിയാലോചനകൾ നടന്നുവരുന്നു. അതുസംബന്ധിച്ചുള്ള തീരുമാനം ഏറ്റവും വേഗത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. മലയാളഭാഷയുടെ ഉയർന്ന അംഗീകാരത്തിനും മലയാളം ഭരണഭാഷയാക്കുന്നതിനും മലയാളം കോടതി

ഭാഷയാക്കുന്നതിനുംവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ മലയാളഭാഷ നിർബന്ധിതമാക്കുകയും ഒന്നാം ഭാഷയാക്കുകയും ചെയ്ത നടപടികളുടെ പശ്ചാത്തലത്തിൽ ഈ സമരം പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ശ്രീ. സി.പി. മുഹമ്മദ് നിരാഹാര സമരത്തിന്റെ ഉദ്ഘാടനത്തിന് പോകുന്ന സന്ദർഭത്തിൽ എനിക്കുവേണ്ടി ഈ അഭ്യർത്ഥന നടത്തണമെന്ന് പറയാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്.

## പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 28 വീടുകൾ കടവൂർ വില്ലേജിൽ ഉൾപ്പെടുത്താൻ നടപടി.

ശ്രീ. ജോസഫ് വാഴക്കൻ: സർ, എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 28 വീടുകൾ ഇടുക്കി ജില്ലയിലെ വിവിധ വില്ലേജുകളിലായി കിടക്കുന്നത് വീണ്ടും തിരിച്ച് കടവൂർ വില്ലേജിലേക്ക് കൊണ്ടുവരണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. എറണാകുളം - ഇടുക്കി ജില്ലകളിലൊഴുകുന്ന കാളിയാർ പുഴയുടെ പടിഞ്ഞാറേക്കരയിലുള്ള പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിലാണ് ഈ 28 വീടുകൾ സ്ഥിതിചെയ്യുന്നത്. ഈ പുഴയോരം എറണാകുളം ജില്ലയുടെ പരിധിയിലുള്ളതാണ്. ഇവരുടെ പഞ്ചായത്ത് പൈങ്ങോട്ടൂരും നിയോജകമണ്ഡലം മുവാറ്റുപുഴയും ജില്ല എറണാകുളവുമാണ്. ഇവരുടെ വോട്ടവകാശവും എറണാകുളം ജില്ലയിലാണ്. എന്നാൽ ഈ വീടുകൾ ഇടുക്കി ജില്ലയിലെ ചില വില്ലേജുകളിലായിട്ടാണ് രേഖകളിലുള്ളത്. ഇവയിൽ 22 വീടുകൾ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടിക്കുളം വില്ലേജിലും 5 വീടുകൾ തൊടുപുഴ താലൂക്കിലെ തന്നെ കുമാരമംഗലം വില്ലേജിലും ഒരു വീട് എറണാകുളം ജില്ലയിലെ

കല്ലൂർക്കാട് വില്ലേജിലുമായിട്ടാണ് നിലവിലുള്ളത്. വില്ലേജ് തിരിച്ചപ്പോഴുണ്ടായ അപാകത ഈ വീട്ടുകാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ത്രിതല പഞ്ചായത്തുകളിലെയും നിയോജകമണ്ഡലങ്ങളിലെയും പല പദ്ധതികളിലും ഇവരെ ഉൾപ്പെടുത്താൻ സാധിക്കാതെ വരികയും അവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഇത്തരം സാഹചര്യത്തിൽ ഈ 28 വീടുകളും എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

**പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ 28 വീടുകൾ കടവൂർ വില്ലേജിൽ ഉൾപ്പെടുത്താൻ നടപടി.**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എറണാകുളം ജില്ലയുടെ പരിധിയിലുള്ള കാളിയാർ പുഴയോരത്ത് സ്ഥിതിചെയ്യുന്ന പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് അതിർത്തിയിൽപ്പെട്ട 28 കുടുംബങ്ങളുടെ നിയോജകമണ്ഡലം എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയാണ്. ഇതിൽ 27 കുടുംബങ്ങളുടെ ഭൂമി സംബന്ധമായ റിക്കാർഡുകൾ ഇടുക്കി ജില്ലയിലുമാണ്. ആയതിനാൽ ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടികുളം, കുമാരമംഗലം വില്ലേജുകളിൽപ്പെട്ട 27 കുടുംബങ്ങളെ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്താവുന്നതാണ്. സെൻട്രൽ സർവ്വേ അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തിരം വില്ലേജ് അതിർത്തി അളന്നുതിരിച്ച് അതിർത്തി പുനർനിർണ്ണയം ചെയ്തുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, എൻഡോസൾഫാൻ പ്രശ്നവുമായി ബന്ധപ്പെട്ട് ശ്രീ. മോഹൻകുമാർ നടത്തിക്കൊണ്ടിരിക്കുന്ന നിരാഹാര സമരം ഇപ്പോൾ 15 ദിവസം പിന്നിട്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച കോൺഫറൻസ് 25-ാം തീയതി വിളിച്ചിരിക്കുകയാണ്. കോൺഫറൻസിന്റെ തീയതി മുന്നോട്ട് മാറ്റുന്നതിനും പ്രസ്തുത പ്രശ്നം ഒത്തുതീർപ്പിലെത്തിക്കുന്നതിനും മുഖ്യമന്ത്രി മുൻകയ്യെടുക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. മുൻ ഗവൺമെന്റിന്റെ കാലത്തും അതുപോലെതന്നെ ഈ ഗവൺമെന്റിന്റെ കാലത്തും എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിനുവേണ്ടി ഒട്ടേറേ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അതേ അവസരത്തിൽ ഇപ്പോൾ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എടുത്ത് പറഞ്ഞില്ലെന്നുള്ള സാങ്കേതികത്വം പറഞ്ഞ് ക്യാൻസർ രോഗികൾക്കും അപസ്മാര രോഗികൾക്കും ആനുകൂല്യം നിഷേധിച്ചിരിക്കുകയാണ്. ഇത് ശരിയായ നടപടിയല്ല. അതുപോലെതന്നെ പുതുതായി കണ്ടെത്തിയ 1362 രോഗികൾക്കുകൂടി ആനുകൂല്യം നൽകേണ്ടതുണ്ട്. അവരുടെ കാര്യവും നിഷേധിച്ചിരിക്കുകയാണ്. കൂടാതെ കടങ്ങൾ എഴുതിത്തള്ളുന്ന കാര്യത്തിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത്തരത്തിലുള്ള അടിയന്തര പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ശ്രീ. മോഹൻ കുമാർ ഇപ്പോൾ നിരാഹാര സമരം നടത്തിക്കൊണ്ടിരിക്കുന്നത്. സമരം ഇപ്പോൾ 15 ദിവസം പിന്നിട്ടിരിക്കുകയാണ്. അതുകൊണ്ട് അതിന്റെ അടിയന്തിര സ്വഭാവം മനസ്സിലാക്കി ആ കോൺഫറൻസ് കഴിയുന്നത്ര വേഗത്തിൽ നടത്താൻ, അതായത് ഇന്നോ

അല്ലെങ്കിൽ നാളയോ നടത്താൻ സാധിക്കുന്ന വിധത്തിൽ ഒരു സംവിധാനമു ണ്ടാക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ അവതരിപ്പിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. എൻഡോ സൾഫാൻ ദുരിതബാധിതർക്ക് അടിയന്തിരമായി സഹായം എത്തിച്ചുകൊടു ക്കേണ്ടതിന്റെ ആവശ്യകത പൂർണ്ണമായും ഗവൺമെന്റ് ഉൾക്കൊള്ളുന്നുണ്ട്. ശ്രീ. മോഹൻകുമാറിന്റെ നിരാഹാര സമരത്തെക്കുറിച്ചുള്ള വിവരം ശ്രീ. വി. എം. സുധീരൻ കത്ത് മുഖേന ഗവൺമെന്റിനെ അറിയിച്ചിരുന്നു. പാർലമെന്റ് നടക്കുന്നതിനാൽ എം.പി.-മാർക്ക് പങ്കെടുക്കാൻ സാധിക്കാത്തതുകൊണ്ടാണ് 25 എന്നുള്ള തീയതി നിശ്ചയിക്കാനിടയായത്. പാർലമെന്റ് സെഷൻ 22-ാം തീയതിവരെയുണ്ട്. 23-ഉം 24-ഉം ഇവിടെ അവധിയാണ്. അതുകൊണ്ട് എം. പി.-മാർക്കും എം.എൽ.എ.-മാർക്കുംകൂടി പങ്കെടുക്കാനുള്ള സൗകര്യം വച്ചാണ് 25-ാം തീയതിയാക്കിയത്. നിരാഹാര സമരത്തിന്റെ കാര്യം ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഏറ്റവും വേഗത്തിൽ നാളെയോ മറ്റെന്നാളോ വേണമെങ്കിൽ യോഗം കൂടാം. എൻഡോസൾഫാൻ പ്രശ്നങ്ങളെക്കുറിച്ച് മുഴുവൻ കാര്യങ്ങൾ ചർച്ച ചെയ്യു ന്നതിനുള്ള യോഗം 25-ാം തീയതി നടക്കട്ടെ. പക്ഷേ അതിനുമുമ്പ് ഈ കാര്യ ത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്, ഇപ്പോൾ എം.എൽ.എ.-മാർ ഇവിടെയുണ്ട്. അപ്പോൾ അവർക്ക് അതിൽ പങ്കെടുക്കാൻ സാധിക്കും. ബാക്കി ആരെയൊ ക്കെയാണ് വിളിക്കേണ്ടതെന്നുവച്ചാൽ അവരെ വിളിച്ച് യോഗം ഏറ്റവും വേഗ മാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കും. അവർക്കുവേണ്ടി ചെയ്യാവുന്ന എല്ലാ കാര്യങ്ങളും ചെയ്യണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം.

അതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണവും ലഭിക്കുന്നുണ്ട്. അത് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## കൊച്ചി മെട്രോ സർവ്വീസ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കൊച്ചി മെട്രോ പേട്ടയിൽനിന്നും തൃപ്പൂണിത്തുറവരെ നീട്ടുന്നതിനായി സാധ്യതാപഠനം നടത്തുവാൻ തീരുമാനിച്ചതിനെ സ്വാഗതം ചെയ്യുകയാണ്. ഈ സാധ്യതാപഠനം തൃപ്പൂണിത്തുറയിൽനിന്നും കൊച്ചിൻ റിഫൈനറി സ്ഥിതി ചെയ്യുന്ന അമ്പലമുകൾവരെ നീട്ടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൊച്ചിൻ റിഫൈനറിയിൽ ഏകദേശം ഏഴായിരത്തോളം പേരാണ് ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൂടാതെ, ഇന്ത്യയിലെ ഏറ്റവും വലിയ പ്രോജക്ടായ 20,000 കോടി രൂപയുടെ പ്രോജക്ട് കഴിഞ്ഞ ദിവസം ആദരണീയനായ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് വന്ന് ഉദ്ഘാടനം ചെയ്യപ്പെട്ട് കഴിഞ്ഞിരിക്കുകയാണ്. ഈ പ്രോജക്ട് പൂർണ്ണമായി നടപ്പിലാക്കുമ്പോൾ ഏകദേശം 20000 പേർക്കുകൂടി അഡീഷണലായി ജോലി ലഭിക്കും. എഫ്.എ.സി.റ്റി., എച്ച്.ഒ.സി., ഐ.ഒ.സി., കാർബൺ കമ്പനി തുടങ്ങിയ കമ്പനികളെല്ലാം ഇവിടെത്തന്നെയാണ്. അമ്പലമുകൾ എന്നുപറയുന്നത് യഥാർത്ഥത്തിൽ ഒരു വ്യവസായ മേഖലയാണ്. ആയിരക്കണക്കിന് ആളുകളാണ് ദിവസവും അവിടെ ജോലിക്ക് വന്നുപോകുന്നത്. കൂടാതെ ജനസാന്ദ്രതയിലും കൊച്ചി നഗരംപോലെതന്നെ വളരെയേറെയുള്ള സ്ഥലമാണ്. പേട്ടയിൽനിന്നും തൃപ്പൂണിത്തുറവരെ കൊച്ചി മെട്രോ റെയിലിനുവേണ്ടി നീട്ടുവാൻ സാധ്യതാപഠനം തീരുമാനിച്ചിരിക്കുന്നു. അത് തൃപ്പൂണിത്തുറയിൽനിന്നും അമ്പലമുകൾവരെ നീട്ടി കൊച്ചി മെട്രോ റെയിൽ നാളെകളിൽ തൃപ്പൂണിത്തുറവരെയാകുമ്പോൾ

അമ്പലമുകൾവരെയാക്കുവാനുള്ള നടപടിക്രമങ്ങൾ നടത്തണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ആലുവ മുതൽ പേട്ടവരെ 25.612 കിലോമീറ്ററാണ് ഇപ്പോൾ പ്രൊപ്പോസലുള്ളത്. ഇതിനുപുറമേ കൊച്ചി മെട്രോ കമ്പനി യോഗംകൂടി കൊച്ചി മെട്രോ റെയിൽ പദ്ധതി ആലുവയിൽനിന്ന് നെടുമ്പാശ്ശേരി വരെയും തൃപ്പൂണിത്തുറയിൽനിന്ന് സ്മാർട്ട് സിറ്റിയുൾപ്പെടെയുള്ള വ്യവസായ മേഖലയിലൂടെ കാക്കനാടുവഴി വീണ്ടും ആലുവവരെയും ഫോർട്ടുകൊച്ചിവഴി മട്ടാഞ്ചേരിയിലേയ്ക്കും നീട്ടുന്നതിനുള്ള സാധ്യതാപഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനുപുറമേ ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ ഇത് തൃപ്പൂണിത്തുറ മുതൽ അമ്പലമുകൾവരെ നീട്ടുന്ന കാര്യംകൂടി ഈ കമ്മിറ്റിയോട് പഠനം നടത്താൻ ആവശ്യപ്പെടുന്നതാണ്.

## CAPE-ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകൾ

ശ്രീ. കെ. ശിവദാസൻ നായർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന നാളുകളിൽ കേപ്പിന്റെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആറന്മുളയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതാണ്. അന്ന് അതിന്റെ കെട്ടിടം പണി ആരംഭിച്ചു. കെട്ടിടം പണി പൂർണ്ണമായി തീരുന്നതിനു മുമ്പായി എഞ്ചിനീയറിംഗ് കോളേജിന്റെ ഉദ്ഘാടനവും നടത്തിയതാണ്. എൻ.ഒ.സി. കഴിഞ്ഞ ഗവൺമെന്റുതന്നെ കൊടുത്തതാണ്. ഇപ്പോൾ കെട്ടിടം പണി തീർന്നിരിക്കുന്നു. അതിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയായി. ഗവൺമെന്റ് ആ എൻ.ഒ.സി. റിന്യൂ ചെയ്തുകൊടുക്കേണ്ട ആവശ്യമുണ്ട്. എൻ.ഒ.സി. റിന്യൂ ചെയ്തുകൊടുക്കാത്തതുകൊണ്ട് എ.ഐ.സി.ടി.ഇ.-

യിൽനിന്ന് ആളുകൾക്ക് ഇവിടെവന്ന് ഇൻസ്പെക്ട് ചെയ്യാൻ സാധിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് എൻ.ഒ.സി. കൊടുത്തു. ഇപ്പോൾ പോളിസി ഡിസിഷനാണ്, എൻ.ഒ.സി. കൊടുക്കണ്ടായെന്ന് ഈ ഗവൺമെന്റ് തീരുമാനിച്ചാൽ ആ കെട്ടിടം പിന്നെ എന്തിന് ഉപയോഗിക്കാനാണ്? കേപ്പ്-ന്റെ കീഴിൽ എഞ്ചിനീയറിംഗ് കോളേജിന് കെട്ടിടമുണ്ടാക്കി അതിന് എൻ.ഒ.സി. കൊടുക്കുവാൻ ഗവൺമെന്റിനോട് പറയുമ്പോൾ ഇപ്പോൾ പോളിസി ഡിസിഷനാണ്, എൻ.ഒ.സി. കൊടുക്കണ്ടായെന്നുള്ള തീരുമാനമാണെങ്കിൽ അത് വളരെ ഗുരുതരമായ സ്ഥിതിവിശേഷമാണ്. ഇത് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജാണ്. ഗവൺമെന്റിന്റെ എൻ.ഒ.സി.-യുടെ അടിസ്ഥാനത്തിൽ കെട്ടിടം പണി ആരംഭിച്ചതാണ്. കെട്ടിടം പണി തീർന്നു. കെട്ടിടം പണി തീർന്നാൽ എൻ.ഒ.സി. കൊടുത്ത് എ.ഐ.സി.ടി.ഇ.-യുടെ ആളുകൾവന്ന് ഇൻസ്പെക്ട് ചെയ്ത് കാര്യങ്ങൾ നടത്തണം. ഇവിടെ ഒന്നോ രണ്ടോ കോളേജുകൾക്ക് സ്റ്റാൻഡേർഡില്ലായെന്നുള്ള കാരണത്താൽ എൻ.ഒ.സി. കൊടുക്കേണ്ട എന്നുള്ള പോളിസി ഡിസിഷനാണെങ്കിൽ പോളിസി ഡിസിഷൻ എടുത്തോളൂ, കുഴപ്പമില്ല. പക്ഷേ ഇക്കാര്യത്തിൽ, ഒരു തെറ്റായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേപ്പ്-ന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജിന് എൻ.ഒ.സി. കൊടുക്കാതിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായിരിക്കുന്നു. അതുകൊണ്ട് അടിയന്തിരമായി കേപ്പ്-ന്റെ എഞ്ചിനീയറിംഗ് കോളേജിന് നേരത്തെ എൻ.ഒ.സി. കൊടുത്തത് റിന്യൂ ചെയ്യാൻ ഈ ഗവൺമെന്റ് നടപടിയെടുക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം കുറഞ്ഞുവരുന്നുവെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ 2014/2012-ലെ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ പുതിയ സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോളേജുകളിൽ പുതിയ കോഴ്സുകളും അതുപോലെ ഇൻടേക്കും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. അതിൻപ്രകാരം 03-12-2011-ലെ ജി.ഒ.(ആർ.റ്റി.) 1968/11 ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രകാരവും 31-01-2012-ലെ ജി.ഒ.(ആർ.റ്റി.) 217/12 ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രകാരവും വിശദമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിനകത്തുതന്നെ എഞ്ചിനീയറിംഗ് പഠനത്തിന് അവസരം ലഭിക്കുന്നതിലേയ്ക്കായി കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകൾ സർക്കാർ അനുവദിച്ചിരുന്നു. എങ്കിലും കഴിഞ്ഞ അധ്യയന വർഷം ഏകദേശം 18000 എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായി എൻട്രൻസ് കമ്മീഷണർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിലാണ് പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്നതിന് താൽക്കാലികമായി നിയന്ത്രണം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ 19-02-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 2702/12 ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രകാരം 2013-14 അധ്യയന വർഷത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് എൻ.ഒ.സി. നൽകുന്നതിന് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ കേപ്പ്-ന് കീഴിലുള്ള ആറന്മുള എഞ്ചിനീയറിംഗ് കോളേജിന് എൻ.ഒ.സി. നൽകുന്ന കാര്യം 2014-15 അധ്യയന വർഷം പരിശോധിക്കുന്നതാണെന്ന്

അറിയിച്ചുകൊള്ളുന്നു. ശ്രീ. വി. എസ്. ശിവകുമാറിന്റെ മണ്ഡലത്തിൽ ഒരു കോളേജുണ്ട്. അതിനും ഈ വർഷം എൻ.ഒ.സി. കൊടുക്കാമെന്ന് പറഞ്ഞിട്ട് കൊടുത്തില്ല. ക്യാബിനറ്റിൽവരെ അക്കാര്യം ചർച്ച ചെയ്തതാണ്. ഇങ്ങനെ യൊരു തീരുമാനം വന്നതിന്റെ അടിസ്ഥാനത്തിലാണ്. ഇങ്ങനെയുള്ള പ്രത്യേക കാര്യങ്ങൾ മുഖ്യമന്ത്രിയുമായി ആലോചിച്ച് പുന:പരിശോധിക്കുന്ന കാര്യം ആലോചിക്കാം.

## തേഞ്ഞിപ്പാലം പി.എച്ച്.സി.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തേഞ്ഞിപ്പാലം പ്രൈമറി ഹെൽത്ത് സെന്റർ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തണമെന്ന ആവശ്യ മാണ് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിയുടെ മുമ്പിൽ ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ ഒരിടത്തും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളില്ല. തേഞ്ഞിപ്പാലം പ്രൈമറി ഹെൽത്ത് സെന്ററിലാണെ ങ്കിൽ ആയിരക്കണക്കിന് രോഗികൾ ഓരോ ദിവസവും വന്നുപോകുന്നുണ്ട്. കിടത്തിച്ചികിത്സിക്കുവാനുള്ള സൗകര്യമില്ല, ആവശ്യമായ സ്റ്റാഫില്ല തുടങ്ങി പല ബുദ്ധിമുട്ടുകളും ഇവിടെ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തൊട്ടടുത്ത പഞ്ചായത്തുകൾക്കുമൊക്കെ സൗകര്യപ്രദമായ രീതിയിൽ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തേഞ്ഞിപ്പാലം പി.എച്ച്.സി. ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തണമെന്ന ആവശ്യം ഈ സബ്മിഷനിലൂടെ സർക്കാരിനു മുമ്പാകെ സമർപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തേഞ്ഞിപ്പാലം പി.എച്ച്.സി.യെ 06/11/2008-ലാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന പി.എച്ച്.സി.യാക്കി ഉയർത്തിയത്. എന്നാൽ അതുപ്രകാരമുള്ള തസ്തികകൾ അനുവദിച്ചിരുന്നില്ല. നിലവിൽ 20 കിടക്കകൾ അനുവദിച്ചിട്ടുണ്ടെങ്കിലും അധിക തസ്തികകൾ അനുവദിക്കാത്തതുകാരണം ഐ.പി. വിഭാഗം പ്രവർത്തിക്കുന്നില്ല. രണ്ട് ഡോക്ടർമാർ ഉൾപ്പെടെ 18 തസ്തികകൾ ഈ ആശുപത്രിക്കായി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാർ 24 X 7 പി.എച്ച്.സി. യാക്കി ഉയർത്തിയ പല പി.എച്ച്.സി.കളിലും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചിരുന്നില്ല. ഇത്തരം പി.എച്ച്.സി.കളിൽ കിടത്തിച്ചികിത്സ ആവശ്യമുള്ളയിടങ്ങളിൽ ആയതിലേയ്ക്ക് ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്ത കാലത്ത് സുതാര്യകേരളം പരിപാടിയിൽ ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ഇതുസംബന്ധിച്ചുള്ള പഠനം നടത്തുവാൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത പഠനം പൂർത്തിയാകുന്ന മുറയ്ക്ക് തേഞ്ഞിപ്പാലം പി.എച്ച്.സി.യിൽ കിടത്തിച്ചികിത്സ ആവശ്യമാണെന്ന് കാണുന്നപക്ഷം അതിലേയ്ക്ക് വേണ്ടുന്ന നടപടി സ്വീകരിക്കുന്നതാണ്. അതിനുശേഷം സി.എച്ച്.സി.യായി ഉയർത്തണമെന്ന ആവശ്യം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## ഷെഫിൻ-ന്റെ മരണം

ശ്രീ. സി. ദിവാകരൻ: സർ, എന്റെ നിയോജകമണ്ഡലമായ കരുനാഗപ്പള്ളിയിൽ കഴിഞ്ഞ ഫെബ്രുവരി 15-ാം തീയതി ഉച്ചയ്ക്ക് ശ്രീബുദ്ധ സെൻട്രൽ സ്കൂളിന്റെ കോമ്പൗണ്ടിൽവച്ച് റാങ്കോടുകൂടി പഠിച്ചുപാസ്സായി പ്ലസ്ടൂവിന് വന്ന കുട്ടി ദാരുണമായി മരണപ്പെട്ടു. കൊല ചെയ്യപ്പെട്ടതാണോ മരണപ്പെട്ടതാണോ എന്നുള്ളത് ഇപ്പോഴും സംശയത്തിലാണ്. സ്കൂളിൽ നടക്കുകയായിരുന്ന നിർമ്മാണപ്രവർത്തനങ്ങളിൽ വെൽഡിംഗിനുവേണ്ടി ഉപയോഗിച്ചിരുന്ന ഇലക്ട്രിക് വയർ അലക്ഷ്യമായി കോമ്പൗണ്ടിൽ കിടക്കുകയായിരുന്നു. അതറിയാതെ കളിക്കാനിറങ്ങിയ ഈ കുട്ടി ഇലക്ട്രിക് ഷോക്കേറ്റാണ് മരണപ്പെട്ടത്. അടിയന്തിരമായി കുട്ടിയെ ആശുപത്രിയിലെത്തിക്കാൻ എല്ലാ ശ്രമങ്ങളും നടത്തി എന്നാണ് പറയുന്നത്. പക്ഷേ, ഞാൻ ആ സംഭവസ്ഥലത്തുണ്ടായിരുന്നു. ശുഷ്ക്കാന്തിയോടുകൂടി ആ കുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോകാൻ മാനേജുമെന്റിന്റെ ഭാഗത്തുനിന്ന് ഉത്തരവാദപ്പെട്ട ആരും തയ്യാറായില്ല. കൂടെയുള്ള കുട്ടികളാണ് ഒരു വാഹനത്തിൽ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചത്. അവിടെനിന്നും കരുനാഗപ്പള്ളി ആശുപത്രിയിലെത്തിച്ചപ്പോഴേയ്ക്കും കുട്ടി മരണമടഞ്ഞു. കുട്ടിയുടെ അനുജത്തിയും ആ സ്കൂളിൽ പഠിക്കുകയാണ്. രണ്ടുപേരും ഒരുമിച്ചാണ് സ്കൂളിൽ പോകുന്നത്. ഈ സംഭവത്തിൽ അവിടത്തെ നാട്ടുകാർക്കുണ്ടായ രോഷം നിയന്ത്രിക്കാൻ ഞാൻ വളരെ പാടുപെട്ടു, അവരോടെല്ലാം സമാധാനം പറഞ്ഞു, ലൈസൻസില്ലാതെ, ഇലക്ട്രിക്കൽ സാങ്ഷനില്ലാതെ അനധികൃതമായ നടക്കുന്ന ഈ വർക്കിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് ഞാൻ അവർക്ക് ഉറപ്പ് കൊടുത്തു. മരണവീട്ടിൽ എല്ലാവരും പോയി. തീർച്ചയായും നീതി നിർവ്വഹിക്കുമെന്ന് ഗവൺമെന്റ് ആ വീട്ടുകാർക്ക് ഉറപ്പ് കൊടുത്തിട്ടുണ്ട്. എന്തെല്ലാം പറഞ്ഞാലും ആ കുട്ടിയെ തിരിച്ചു

കിട്ടില്ല, വീട്ടുകാർക്കും നാട്ടുകാർക്കും വലിയ പ്രതീക്ഷയുണ്ടായിരുന്ന കുട്ടിയാണ്. ഇതുപോലെ പ്രൈവറ്റ് മാനേജ്മെന്റിന്റെ കോമ്പൗണ്ടിനകത്ത് അൺ ആതറൈസ്ഡായിട്ടുള്ള ഒരുപാട് ആക്ടിവിറ്റീസ് നടക്കുകയാണ്. സിവിൽ വർക്ക്, ഇലക്ട്രിക്കൽ വർക്ക് ഇതിനൊന്നും പെർമിഷനില്ല. അതുകൊണ്ട് ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ഗവൺമെന്റ് അന്വേഷണം നടത്തണം. ഈ കുട്ടിയുടെ മരണത്തിന് കാരണക്കാരായ കുറ്റവാളികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ പോലീസ് നടപടിയെടുക്കണം. ഈ സംഭവത്തെ സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഒരു കത്ത് തന്നിരുന്നു. തീർച്ചയായും ആ കുടുംബത്തോട് ഉദാരമായ ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞ കാര്യങ്ങളെ ഞാൻ ഡിസ്പ്യൂട്ട് ചെയ്യുന്നില്ല. അവിടെയുണ്ടായത് ഒരു സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിലുണ്ടായ പ്രശ്നമാണ്. ഈ കേസ്സിനെക്കുറിച്ച് ആദ്യം അന്വേഷിച്ച സന്ദർഭത്തിൽ കരുനാഗപ്പള്ളി പോലീസ്, സി.ആർ.പി.സി. 174 പ്രകാരം 508/2013 ആയി പ്രാഥമികമായി കേസ് രജിസ്റ്റർ ചെയ്തു. പക്ഷേ അത് ശരിയല്ലെന്ന് പൊതുവേ അവിടെയുണ്ടായിരുന്ന ജനങ്ങളുടെ അഭിപ്രായമുണ്ടായിരുന്നതുകൊണ്ട് ഡീറ്റെയിൽഡായി ഇതേക്കുറിച്ച് അന്വേഷിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഡീറ്റെയിൽഡായി അന്വേഷിച്ച് കഴിഞ്ഞപ്പോൾ ഐ.പി.സി. 304-ാം വകുപ്പുകൂടി ചേർത്ത് ഡ്രൈവർ കുമാരനെ ഒന്നാം പ്രതിയായും ശ്രീബുദ്ധ ഫൗണ്ടേഷൻ ട്രഷറർ യതീഷിനെ രണ്ടാം പ്രതിയായും സ്കൂൾ പ്രിൻസിപ്പൽ ജോസുകുട്ടി കെ.

എബ്രഹാമിനെ മൂന്നാം പ്രതിയായും ഉൾപ്പെടുത്തി ഐ.പി.സി. 34-ാം വകുപ്പു കൂടി കൂടുതലായി ചേർത്ത് കേസ് കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: ഡ്രൈവർ എങ്ങനെയാണ് പ്രതിയായത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഡ്രൈവറാണ് ഈ ഒഫൻസിന്റെ കാരണക്കാരൻ. ഞാൻ അതിന്റെ ആദ്യത്തെ ഭാഗം കൂടി വായിക്കാം. 15/02/2013 തീയതി ഉച്ചയ്ക്ക് 2.45 മണിയോടുകൂടി കൊല്ലം കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ ഇടക്കുളങ്ങര ശ്രീബുദ്ധ സെൻട്രൽ സ്കൂളിലെ ഓപ്പൺ ആഡിറ്റോറിയത്തിന് സമീപമുള്ള ഷെഡ്ഡിൽ ടി സ്കൂളിലെ ഡ്രൈവർ കുമാരൻ വെൽഡിംഗ് പണി നടത്തിക്കൊണ്ടിരിക്കെ സ്കൂൾ ആഡിറ്റോറിയത്തിലേയ്ക്ക് കയറിയ ടി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയായ ഷെഫിൻ ഷെഡ്ഡിന്റെ ഇരുമ്പുതൂണിൽ പിടിച്ച സമയം വൈദ്യുതാഘാതമേറ്റു. ഈ സമയം ഡ്രൈവർ കുമാരനും കുട്ടിയുടെ സഹപാഠികളും ചേർന്ന് ഷെഫിനെ സ്കൂളിനുസമീപമുള്ള ചൈതന്യ ആശുപത്രിയിലും അവിടെ നിന്ന് കരുനാഗപ്പള്ളി എ.എം. ആശുപത്രിയിലും എത്തിച്ച സമയം ഷെഫിൻ മരണപ്പെട്ടു. ഇതാണ് ഡ്രൈവറുടെ പേരിലുള്ള കുറ്റാരോപണം. ഫർദറായി അന്വേഷണം നടത്തിയപ്പോൾ അതിനകത്ത് dereliction ഉണ്ടോ എന്നുള്ള സംശയമുണ്ടായി. അതിനെക്കുറിച്ച് പരിശോധിച്ചാണ് മറ്റ് രണ്ടാളുകളെക്കൂടി പ്രതിയാക്കി സെക്ഷൻ വിപുലപ്പെടുത്തി സെക്ഷൻ 34 കൂടിച്ചേർത്ത് കോടതിയിൽ കേസ് കൊടുത്തിട്ടുള്ളത്. ഈ കേസ്സിൽ ഒന്നും മൂന്നും പ്രതികൾ സഹിതം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ബി.എ. 1444/2013 നമ്പരായി മുൻകൂർ ജാമ്യപേക്ഷ സമർപ്പിച്ചു. ഒന്നാം പ്രതിയായ കുമാരനെ 11/03/2013 തീയതിയിൽ അറസ്റ്റ് ചെയ്ത് ബഹു. ഹൈക്കോടതി

യുടെ ജാമ്യവ്യവസ്ഥ പ്രകാരം കരുനാഗപ്പള്ളി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി റിമാന്റിൽ കഴിയവെ 13/03/2013-ൽ പോലീസ് കസ്റ്റഡിയിൽ വാങ്ങി അന്വേഷണം നടത്തി തിരികെ കോടതിയിൽ ഹാജരാക്കിയതിൻപ്രകാരം ടിയാൻ ഇപ്പോൾ റിമാന്റിൽ കഴിഞ്ഞുവരികയാണ്. മൂന്നാം പ്രതിയായ പ്രിൻസിപ്പൽ ജോസുകുട്ടി എബ്രഹാമിനെ 11/03/2013-ലും രണ്ടാം പ്രതിയായ യതീഷിനെ 12/03/2013-ലും അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വ്യവസ്ഥപ്രകാരം ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ്. അങ്ങ് പറഞ്ഞ രണ്ടാമത്തെ കാര്യം അവർക്കു കൊടുക്കേണ്ട സാമ്പത്തികസഹായത്തെ സംബന്ധിച്ചാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചതിനുശേഷം ചെയ്യാൻ കഴിയുന്ന കാര്യം അറിയിക്കുന്നതാണ്.

## യാക്കോബായ സഭ നടത്തുന്ന സമരം

ശ്രീ. സാജു പോൾ: സർ, പതിനേഴ് ലക്ഷം അംഗങ്ങളുള്ള യാക്കോബായ സുറിയാനി സഭയുടെ പ്രാദേശിക തലവൻ മലങ്കരയുടെ യാക്കോബ് കുർദാന അബുൻമാർ ബസേലിയോസ് തോമസ് പ്രഥമൻ കത്തോലിക്ക ബാവയും മുപ്പത് മെത്രാപ്പൊലീത്തമാരും നൂറുക്കണക്കിന് പുരോഹിത ശ്രേഷ്ഠരും വിശ്വാസികളും ഇന്ന് സെക്രട്ടേറിയറ്റിന് മുമ്പിൽ സമരം നടത്തുകയാണ്. പൂട്ടിക്കിടന്ന ഇരുപത് പള്ളികൾ തുറക്കണമെന്നും അച്ചൻമാർക്കും സഭാവിശ്വാസികൾക്കുമെതിരെ എടുത്തിട്ടുള്ള കള്ളക്കേസ്സുകൾ പിൻവലിക്കണമെന്നും ആവശ്യപ്പെട്ടാണ് സമരം നടത്തുന്നത്. യു.ഡി.എഫ്.ലേയും കോൺഗ്രസ്സിലേയും നിരവധി ഉന്നത നേതാക്കൾ യാക്കോബായ സഭയിലെ

പ്രധാന പദവികൾ അലങ്കരിക്കുന്ന വ്യക്തിത്വങ്ങളാണ്. യു.ഡി.എഫ്. കൺവീനർ ശ്രീ. പി.പി.തങ്കച്ചൻ, എറണാകുളം ഡി.സി.സി. പ്രസിഡണ്ട് ശ്രീ. വി.ജെ. പൗലോസ്, എറണാകുളം ജില്ല യു.ഡി.എഫ്. കൺവീനർ, കേരള കോൺഗ്രസ് (എം)-ന്റെ ജില്ലാ പ്രസിഡണ്ട് ശ്രീ. ഷിബു തെക്കുംപുറം, ഈ സഭയിലെ കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. ബെന്നി ബെഹനാൻ, ഭക്ഷ്യ വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. എൽദോസ് കുന്നപ്പള്ളി, മുൻമന്ത്രി കൂടിയായ ശ്രീ. ടി. യു. കുരുവിള, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടുത്ത സുഹൃത്തും കോൺഗ്രസ് സഹയാത്രികനുമായ സഭാ സെക്രട്ടറി ജോർജ് മാത്യൂ തെക്കേതലയ്ക്കൽ, ലീഡർ കെ. കരുണാകരന്റെ ആത്മമിത്രമായിരുന്ന മാമ്പറ അച്ചൻ എന്നറിയപ്പെടുന്ന വൈദികട്രസ്റ്റി വന്ദ്യമത്തായി കോർ എപ്പിസ്കോപ്പ തുടങ്ങി ഓർമ്മയിൽ നിന്നുവരുന്ന പേരുകൾ നിരവധിയാണ്. ശ്രീ. കെ. ബാബുവും ശ്രീ. എസ്. ശർമ്മയും ഈ സഭയ്ക്ക് നിരവധി കാര്യങ്ങൾ ചെയ്തുതന്നിട്ടുള്ളവരാണ്. സഭ ഭൂമിയോളം ക്ഷമിച്ച ശേഷമാണ് സമരരംഗത്തിറങ്ങിയത്. പിറവം ഉപതെരഞ്ഞെടുപ്പിൽ നിരവധി വാഗ്ദാനങ്ങൾ സഭാനേതൃത്വത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ നേരിട്ടു നൽകി. ശ്രീ. അനൂപ് ജേക്കബിന് പരിശുദ്ധ പാത്രിയാർക്കീസ് ബാവ കമാന്റർ പദവി നൽകി. ശ്രീ. ബെന്നി ബെഹനാനെ കമാന്ററാക്കി. ഷെവലിയർ കമാന്റർ ബാരിതോ സാരിരോ ശ്രീ. ടി. യു. കുരുവിള ഉൾപ്പെടെ വേറെ, മുൻ സഭാ സെക്രട്ടറിയാണ് അദ്ദേഹം. പിറവം മണ്ഡലത്തിലെ മാമലശ്ശേരി പള്ളിയിൽ 264 ദിവസമാണ് വർഗ്ഗീസ് പുല്ലാട്ടിൽ അച്ചന്റെ നേതൃത്വത്തിൽ സമരം നടത്തിയത്. 11 ദിവസം നിരാഹാര സമരമായിരുന്നു. തൃക്കുന്നത്ത് സെമിനാരി, മാമലശ്ശേരി, വെട്ടിത്തുറ, മണ്ണത്തൂർ, കോലഞ്ചേരി, പിറവം, കുറിഞ്ഞി, ഞാറയ്ക്കാട്, കണ്ണ്യാട്ടുകര, പഴന്തോ

ട്ടം തുടങ്ങി പ്രശ്നബാധിത പള്ളികളുടെ എണ്ണം എത്രയാണ്? കുറിയാലൈ സോൻ എന്നു പറഞ്ഞതിന് കേസ്സാണ്. അതുപോലെ ശവസംസ്കാരം നടത്തിയതിനും സെമിത്തേരിയിൽ ധൂപം വച്ചതിനും സ്ത്രീകളുൾപ്പെടെയു ള്ളവർക്കെതിരെ കേസ്സാണ്. ശ്രീ. വി.എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ അഞ്ചു കൊല്ലം ഓർമ്മപ്പെരുന്നാൾ തൃക്കുന്നത്ത് സെമിനാരിയിൽ സമാധാനപരമായി നടന്നതാണ്. അവിടെ ഇക്കൊല്ലം പ്രാർത്ഥിക്കാൻ ചെന്ന മാത്യൂസ് മാർ അന്തി മോസ് തിരുമേനിയുടെ കുപ്പായത്തിൽ പോലീസുകാർ പരിശോധിക്കുന്ന ചിത്രമാണിത് (പത്രം ഉയർത്തിക്കാട്ടി). ഒരു അഭിവന്ദ്യ ബിഷപ്പ് തിരുമേനിയെ തിരുവഞ്ചൂരിന്റെ പോലീസുകാർ പരിശോധിക്കുന്ന ചിത്രമാണിത്. ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും യാക്കോബായ സഭ യ്ക്കെതിരെ ഗൂഢലക്ഷ്യങ്ങളോടെ നീങ്ങുകയാണ്. പോലീസിനെയും ഭരണസംവിധാനങ്ങളെയും ഉപയോഗിച്ച് തകർക്കാവുന്നതല്ല അന്ത്യോക്യ-മലങ്കര ബന്ധം. അത് നീണാൾ വാഴുകതന്നെ ചെയ്യുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പള്ളികൾ തുറക്കാനും വ്രതശുദ്ധിയുടെ നാളുകൾ പിന്നീട്ട് പീഡാനുഭവ വാരത്തിലേയ്ക്ക് സമാധാനത്തോടെ പ്രവേശിച്ച് ആരാ ധന നടത്തുവാനും യാക്കോബായ സഭയ്ക്ക് അവസരം നൽകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃ ഷ്ണൻ) : സർ, യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ വിവിധ പള്ളികളുടെ അവകാശങ്ങൾ സംബന്ധിച്ച് 1908 മുതൽ ആരംഭിച്ച തർക്കങ്ങൾ കോടതികളുടെ ഇടപെടലുകൾ ഉണ്ടായിട്ടും ഇപ്പോഴും തുടർന്നു

വരികയാണ്. വിശ്വാസപരമായ വിഷയമായതിനാൽ സർക്കാരിന് ഇടപെടുന്നതിന് പരിമിതികളുണ്ടെങ്കിലും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുന്ന വിധത്തിൽ പള്ളിത്തർക്കങ്ങൾ മാറുമ്പോൾ സർക്കാർ ഇടപെടുകയും പ്രശ്നപരിഹാരത്തിനായി കോടതി വിധികൾക്ക് വിധേയമായി താല്ക്കാലിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വിശ്വാസികൾ തമ്മിലുള്ള തർക്കം കാരണം എറണാകുളം ജില്ലയിലെ ഏഴു പള്ളികളും ഇടുക്കി ജില്ലയിലെ രണ്ടു പള്ളികളും പത്തനംതിട്ട, തൃശ്ശൂർ തുടങ്ങിയ പള്ളികളിലുമുള്ള പ്രശ്നങ്ങൾ സമൂഹത്തിന്റെ മുന്നിലുണ്ട്. തർക്കമുള്ള പള്ളികളിലെ വിശ്വാസികൾ തമ്മിലുള്ള ക്രമസമാധാനപാലന പ്രശ്നം സംബന്ധിച്ച് എറണാകുളം ജില്ലയിൽ 69 കേസ്സുകളും മറ്റു ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട് വേറെ കേസ്സുകളുമുണ്ട്. പോലീസിനെ ആക്രമിച്ച കേസ്സുകളും ഇതിലുൾപ്പെടുന്നുണ്ട്.

ഈ കാര്യം ഗവൺമെന്റ് വളരെ ഗൗരവതരമായിട്ടാണ് എടുക്കുന്നത്. ഗവൺമെന്റ് ഇവിടെ ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയെ വച്ചു. ആ ക്യാബിനറ്റ് സബ് കമ്മിറ്റി പല ഘട്ടങ്ങളിലായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. രണ്ട് വിഭാഗത്തിൽപ്പെട്ട ഏറ്റവും പരമോന്നതരായിട്ടുള്ള, ബഹുമാന്യരടക്കമുള്ള ആളുകളുമായി സംസാരിച്ച് ഈ പ്രശ്നത്തിന് രമ്യമായി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ പക്ഷംചേർന്ന് ഈ രമ്യത തകർക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ ലക്ഷ്യമുള്ള ആളുകളും ഈ സമൂഹത്തിലുണ്ട് എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. അവിടെ ഒരു സാഹോദര്യമാണ് നിലനിൽക്കേണ്ടത്. സഭാവിശ്വാസം സമാധാനത്തിനുവേണ്ടിയാണ്. സമാധാനപരമായ ഒര

ന്തരീക്ഷം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് നമ്മൾ പരിശ്രമിച്ചു കൊണ്ടിരിക്കുന്നത്.

ശ്രീ. സാജു പോൾ : സർ,..........

മി. സ്പീക്കർ : ശ്രീ. സാജുപോൾ അങ്ങ് പറയാനുള്ളത് പറഞ്ഞു. മിനിസ്റ്റർ അങ്ങേയ്ക്ക് പറയാനുള്ളത് പറയുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞത് മുഴുവൻ ഞാൻ കേട്ടല്ലോ; യാക്കോബായ സഭാ വിഭാഗം 5-3-2013-ൽ കോതമംഗലത്ത് കൂടിയ യോഗത്തിൽ വച്ച് സമര പരിപാടികൾ ആരംഭിക്കാൻ തീരുമാനിക്കുകയും അതിന് മുന്നോടിയായി 17-3-2013 -ൽ പള്ളികളിൽ യോഗം ചേരുകയും ചെയ്തിട്ടുണ്ട്. ഇത് പാർട്ടി അടിസ്ഥാനത്തിൽ ചർച്ച ചെയ്യേണ്ട ഒരു വിഷയമല്ല. ഇത് ഇടതുപക്ഷ-ഭരണകക്ഷി തർക്കവുമല്ല. ഇവിടെ സമാധാനമാണ് വേണ്ടത്. 1908 മുതലുള്ള പ്രശ്നമാണിത്. ആ പ്രശ്നം നമുക്ക് ഒരു നിമിഷം കൊണ്ടോ ഒരു മണിക്കൂർ കൊണ്ടോ തീർക്കാൻ കഴിയുന്നതല്ല. സമഗ്രമായ രൂപത്തിൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മിനിയാന്നും ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമടക്കമുള്ള എല്ലാവരും കൂടി അവിടെപോയി ബന്ധപ്പെട്ട അത്യുന്നതരായ ആളുകളെ കണ്ട് സംസാരിച്ചിട്ടുണ്ട്. ഏകദേശം സമാധാനമുണ്ടാക്കാൻ കഴിയും എന്ന് കരുതുമ്പോഴാണ് ശ്രീ. സാജുപോളിന്റെ ഇത്തരം ഷാർപ്പായ പദപ്രയോഗങ്ങൾ. അത് ഗുണകരമായിട്ട് വരുമോ എന്ന കാര്യം ഈ സഭ തന്നെ ആലോചിച്ചാൽ മതി. ഇവിടെ സമാധാനമല്ലേ വേണ്ടത്? രണ്ട് വിഭാഗത്തിലുള്ളവരിൽ ഓരോ വിഭാഗത്തിൽ ഉറച്ചു നിൽക്കുക, എന്നിട്ട് പരസ്പരം അവരെ വെട്ടിക്കൊല്ലാനുള്ള സാഹചര്യം ഉണ്ടാക്കുക, ദയവായി അങ്ങനെ

ചെയ്യരുത് എന്നാണ് എന്റെ പക്ഷം. അതുകൊണ്ട് ഈ പ്രശ്നം സമാധാനപരമായി പരിഹരിക്കുന്നതിനുവേണ്ടി ദയവായി രാഷ്ട്രീയം വിട്ട് ഗവൺമെന്റിനോട് സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

**നാടോടി സ്ത്രീകളുടെ സുരക്ഷയും പുനരധിവാസവും**

ശ്രീമതി കെ. കെ. ലതിക : സർ, മൂന്നു വയസ്സായ നാടോടി പെൺകുട്ടിയെ തിരൂരിൽവച്ച് ഒരു നരാധമൻ പൈശാചികമായി പീഡിപ്പിച്ച് മൃതപ്രായമാക്കിയ ദാരുണമായ സംഭവം നമ്മുടെ സമൂഹ മന:സാക്ഷിയെത്തന്നെ ഞെട്ടിപ്പിച്ച കാര്യമാണ്. യാതൊരുവിധ സുരക്ഷിതത്വവുമില്ലാതെ തെരുവുകളിലും കടത്തിണ്ണകളിലും സ്ത്രീകളും കുഞ്ഞുങ്ങളും രാത്രികാലങ്ങളിൽ കഴിയേണ്ടിവരുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. ഇങ്ങനെ കഴിയേണ്ടിവരുന്ന നാടോടികളും അല്ലാത്തവരുമായ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പു വരുത്തുവാനും അവർക്ക് ജീവിക്കാനാവശ്യമായ ചുറ്റുപാടുകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ശ്രീമതി കെ.കെ. ലതിക അവതരിപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് ഞാൻ ആ സ്ഥലത്ത് പോയിരുന്നതാണ്. വളരെ പൈശാചികമായിട്ടാണ് ആ കുട്ടി പീഡിപ്പിക്കപ്പെട്ടിരിക്കുന്നത്. പ്രതിയെ കണ്ടുപിടിച്ചു. പ്രതി ഇപ്പോൾ കസ്റ്റഡിയിലാണ്. മൂന്നു വയസ്സുള്ള കുട്ടിയാണത്. എനിക്ക് ഈ സഭയിൽ പറയാൻ പറ്റാത്ത വിധത്തിൽ, വളരെ നിഷ്ഠൂരമായ രൂപത്തിലാണ് ആ കുട്ടിയോട് പെരുമാറിയിരിക്കുന്നത്. ഇവിടത്തെ പ്രധാനപ്രശ്നം വഴിയോരത്ത് ജീവിക്കുന്ന സാധുക്കളായ നാടോ

ടികൾക്ക് വീടോ കുടിലോ ഒന്നുമില്ല. അവർ പകൽ എന്തെങ്കിലും പണിയൊക്കെ എടുത്തതിനുശേഷം ഒന്നുകിൽ റെയിൽവേ സ്റ്റേഷനുകളിലോ അല്ലെങ്കിൽ റോഡിന്റെ സൈഡിൽ എവിടെയെങ്കിലുമോ കിടന്നുറങ്ങുകയാണ് പതിവ്. ആ സ്ഥിതി നമുക്ക് മാറ്റണം. എത്രയോ കാലമായി ഇത്തരം സംഭവങ്ങൾ നമ്മുടെ സമൂഹത്തിൽ നടക്കുകയാണ്. തിരൂരിൽ ഉണ്ടായ ഒരു സംഭവത്തിൽ ഞങ്ങൾ അന്നൊരു നിലപാട് എടുത്തിരുന്നു. അവർക്ക് നൈറ്റ് ഷെൽട്ടർ ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി സമീപനം എടുക്കണമെന്ന് പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോഴിക്കോട് ആശുപത്രിയിൽപോയി ആ കുട്ടിയെ നേരിട്ട് കാണുകയും അവർക്ക് സാമ്പത്തിക സഹായം കൊടുക്കുന്നതിനുവേണ്ടി തീരുമാനിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ നാടോടി കുട്ടികൾക്ക് ഇത്തരത്തിലുള്ള സംഭവങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാനുള്ള നടപടി എടുക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. കൂട്ടത്തിൽ നമ്മുടെ സോഷ്യൽ ജസ്റ്റിസിന്റെ വകുപ്പ് കൈകാര്യം ചെയ്യുന്ന ഡോ. എം. കെ. മുനീറുമായും ഞാൻ സംസാരിച്ചിരുന്നു. അദ്ദേഹം വളരെ പോസിറ്റീവായ ഒരു നിലപാട് എടുത്തു. കഴിഞ്ഞ ബഡ്ജറ്റിൽ ഇവർക്ക് ഷെൽട്ടർ ഉണ്ടാക്കുന്നതിനുവേണ്ടി 80 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ടായിരുന്നു. ആ വകുപ്പിനെ സംബന്ധിച്ച് അദ്ദേഹം തന്നെയാണ് പറയേണ്ടത്. എന്നാലും ഞാൻ പറയാം. 10 കോടിരൂപയോളം മുടക്കി, രാത്രിയിൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന പാവങ്ങൾക്ക്, സുരക്ഷിതത്വം ഇല്ലാത്ത ആളുകൾക്ക് അഭയസ്ഥാനം നൽകുന്നതിനുവേണ്ടിയുള്ള ക്രമീകരണം **ഉണ്ടാക്കിയിട്ടുണ്ട്**. ഇതാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീമതി ഇ. എസ്. ബിജിമോൾ : ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ഈ സഭയിൽ.......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇത് തൊഴിൽ പ്രശ്നമല്ല ശ്രീമതി ബിജിമോൾ. ഇതൊരു സാമൂഹ്യ പ്രശ്നമാണ്. നമ്മൾ തമ്മിൽ തർക്കിക്കണ്ട. എത്രയോ കാലമായി ഈ പാവങ്ങൾ റോഡരുകിൽ കിടക്കുകയാണ്. എന്നെങ്കിലും നമുക്ക് ഇതിനൊരു പരിഹാരമുണ്ടാക്കണ്ടേ? അതിനുള്ള പരിഹാരമാണ് തേടുന്നത്. നേരത്തെ സാധിച്ചില്ല. ഇന്നെങ്കിലും നടക്കട്ടെ, നടക്കുന്നിടത്തോളം നടക്കട്ടെ. ഈ പാവങ്ങൾക്ക് അത്രയെങ്കിലും ഒരു പ്രൊട്ടക്ഷൻ നമുക്ക് കൊടുക്കാം. ദയവായി അതിനോട് സഹകരിക്കൂ.

(മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ)